# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.294 - 29/06/2016 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ പൊതുകടം

| ചോദ്യം<br><br>ശ്രീ.പി.കെ.ശശി | ഉത്തരം<br><br>ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) 2011 -ൽ എൽ.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപ ആയിരുന്നു; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31.03.2011 ൽ എൽ.ഡി.എഫ് സർക്കാർ അധികാരം ഒഴിഞ്ഞപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടിരൂപയായിരുന്നു. |
| (ബി) 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുന്ന അവസരത്തിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപ ആയിരുന്നു ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31.03.2016 ൽ സംസ്ഥാനത്തിന്റെ പൊതുകടം 1,55,389.33 കോടിരൂപ യായിരുന്നു. |
| (സി) കഴിഞ്ഞ 5 വർഷം കൊണ്ട് പൊതുകടം എത്ര ശതമാനം വർദ്ധിച്ചുവെന്നും ഇതുമൂലം സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി എന്താണെന്നും വ്യക്തമാക്കുമോ; | കഴിഞ്ഞ 5 വർഷം കൊണ്ട് സംസ്ഥാനത്തിന്റെ പൊതുകടത്തിൽ 97.51% വർദ്ധനവ് വന്നിട്ടുണ്ട്. നികുതി വരുമാനത്തിൽ വന്ന ഇടിവ് മൂലം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. |
| (ഡി) റവന്യു കമ്മിയിൽ വർദ്ധനവ് വന്നുവോയെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂകമ്മി സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധിയെ കവച്ചുവെയ്ക്കുന്ന ഗുരുതരമായ സ്ഥിതി വിശേഷമാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നത്.<br>നികുതി വരുമാന വളർച്ച കൈവരിച്ചുകൊണ്ടും അനാവശ്യവും ധൂർത്തു നിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിച്ചും ഈ സ്ഥിതി വിശേഷത്തെ നേരിടാനാണ് സർക്കാർ ശ്രമിക്കുന്നത്. |

അക്കൗണ്ട്സ് ഓഫീസർ